"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല - കട്ടപ്പന വില്ലേജിൽ സ്വകാര്യ സ്ഥാപനത്തിന്റെ മാലിന്യടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെടവേ മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ എഫ് എ) വകുപ്പ്**

**സ.ഉ.(കൈ) നം.13/2026/RD തീയതി,തിരുവനന്തപുരം, 08-01-2026**

---

പരാമർശം:-

1. ഇടുക്കി ജില്ലാ കളക്ടറുടെ 01/10/2025 ലെ DCIDK/6261/2025-DM1 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.10.2025 -ലെ LR/10641/2025-LR(H1) നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കട്ടപ്പന വില്ലേജിൽ മാലിന്യടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെടവേ മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർ നൽകിയ ശിപാർശ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് എൻവിയോൺമെന്റ് എഞ്ചിനീയർ, കട്ടപ്പന മുനിസിപ്പൽ സെക്രട്ടറി എന്നിവരിൽ നിന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യടാങ്ക് ക്ലീൻ ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നവരിൽ ദാരുണാന്ത്യം സംഭവിച്ച തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവർ വളരെ പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളുടെ ഏക ആശ്രയമായിരുന്നു എന്നത് കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകിക്കൊണ്ട് ടിയാളുകളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000/- രൂപ വീതം അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

2) പ്രസ്തുത ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന 15,00,000/- രൂപ (5ലക്ഷം*3) (പതിനഞ്ചു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ
ജില്ലാ കളക്ടർ, ഇടുക്കി.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
പൊതുഭരണ (എസ്.സി ) വകുപ്പ് (07.01.2026-ലെ മന്ത്രിസഭായോഗതീരുമാനം ഇനം നം.3504 )
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി(DRF -A5/37/2025-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 08-01-2026 20:31:52
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ5/37/2025/റവ. ഇനം നം: 3504

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഇടുക്കി ജില്ല - കട്ടപ്പന വില്ലേജിൽ സ്വകാര്യ സ്ഥാപനത്തിന്റെ മാലിന്യടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ട് മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3504

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.-എ 5/37/2025-റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഇടുക്കി ജില്ല - കട്ടപ്പന വില്ലേജിൽ സ്വകാര്യ സ്ഥാപനത്തിന്റെ മാലിന്യടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ട് മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 03.12.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.12.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.12.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 30.12.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.12.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിലെ കട്ടപ്പന വില്ലേജിൽ സ്വകാര്യ സ്ഥാപനത്തിന്റെ മാലിന്യ ടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ട് മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ഇടുക്കി താലൂക്ക് കട്ടപ്പന വില്ലേജിൽ കട്ടപ്പന പുളിയൻമല റൂട്ടിൽ കട്ടപ്പന സെൻട്രൽ ജംഗ്ഷനിൽ നിന്നും 500 മീറ്റർ മാറി ക്നാനായ പള്ളിയോടു ചേർന്നുള്ള പള്ളിവക കെട്ടിടത്തിനു മുൻപിൽ 'ഓറഞ്ച് ഹോട്ടൽ' എന്ന പേരിൽ പ്രവർത്തിച്ചിരുന്നതും ഒരു മാസക്കാലമായി പ്രവർത്തനരഹിതമായി അറ്റകുറ്റപണികൾ നടന്നുവരുന്നതുമായ ഒരു കെട്ടിടത്തിന്റെ മുൻവശത്തായി പാർക്കിംഗ് ഗ്രൗണ്ടിലുള്ള മാലിന്യ ടാങ്ക് ക്ലീൻ ചെയ്യുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നവരിൽ ദാരുണാന്ത്യം സംഭവിച്ച തമിഴ്നാട് സ്വദേശികളായ 3 പേർക്ക് സർക്കാർതലത്തിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടർ നൽകിയ ശിപാർശ ലാന്റ് റവന്യൂ കമ്മീഷണർ തുടർനടപടികൾക്കായി ലഭ്യമാക്കിയിരുന്നു.

3) ഇതുമായി ബന്ധപ്പെട്ട് സുരക്ഷാ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ, ഏതെങ്കിലും തരത്തിലുള്ള നിയമലംഘനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നീ വിഷയങ്ങളിന്മേൽ തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻവിയോൺമെന്റ് എഞ്ചിനീയർ, മുനിസിപ്പൽ സെക്രട്ടറി എന്നിവരിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ, കട്ടപ്പന മുനിസിപ്പൽ സെക്രട്ടറി എന്നിവർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ട വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4)ടി റിപ്പോർട്ട് പ്രകാരം കട്ടപ്പന നഗരസഭയിലെ പതിമൂന്നാം വാർഡിൽ, പുളിയന്മല റോഡിൽ ഓറഞ്ച് റെസ്റ്റോറന്റ് എന്ന പേരിൽ ശ്രീ.തോമസ് സണ്ണി, വഞ്ചിത്താനത്ത് എന്നയാൾ നടത്തിയിരുന്ന സ്ഥാപനം മറ്റൊരു വ്യക്തിക്ക് കൈമാറുകയും ആയതിന്റെ ഭാഗമായി നടന്ന നവീകരണ പ്രവർത്തനങ്ങൾക്കിടയിൽ 30/09/2025 തീയതി രാത്രി മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനായി മാൻഹോൾ വഴി ടാങ്കിലേക്ക് ഇറങ്ങിയ മൂന്ന് തൊഴിലാളികൾ ഓക്സിജൻ ലഭിക്കാതെ മരണപ്പെട്ടിട്ടുള്ളതാണ്. ടി സ്ഥാപനം ബോണി സണ്ണി & ലാസ ഷാജി എന്നിവർക്ക് കൈമാറിയെങ്കിലും ലൈസൻസ് റദ്ദ് ചെയ്യുകയോ മാറ്റി നൽകുകയോ ചെയ്തിരുന്നില്ല. ടി ഹോട്ടലിന്റെ നിലവിലെ ഉടമകളായ ശ്രീ.ബോണിയുടെയും ലാസയുടെയും നേതൃത്വത്തിലാണ് നവീകരണത്തിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. അപകടം നടക്കുന്ന സമയം നിലവിലെ ഉടമകളിലൊരാളായ ശ്രീ.ബോണി സംഭവസ്ഥലത്തുണ്ടായിരുന്നു. ടാങ്കിലുണ്ടായിരുന്ന മലിനജലം പൈപ്പ് വഴി അടിച്ചു നീക്കം ചെയ്തിരുന്നു എന്നും ബാക്കി ഏകദേശം ഒരടിയോളം സ്ലറി മാത്രമാണുണ്ടായിരുന്നതെന്നും ഉടമകൾ അന്വേഷണ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. എന്നാൽ രാത്രികാലത്ത് നടത്തിയ ശുചീകരണ പ്രവൃത്തി മുനിസിപ്പാലിറ്റിയെ മുൻകൂട്ടി അറിയിച്ചിരുന്നില്ല എന്ന് കട്ടപ്പന മുനിസിപ്പൽ സെക്രട്ടറി

റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ശുചീകരണ തൊഴിലാളിയായ, മരണപ്പെട്ട ജയറാമിനെ കേന്ദ്ര സർക്കാരിന്റെ നമസ്തേ സ്കീമിൽ ഉൾപ്പെടുത്തി സുരക്ഷാ ബോധവൽക്കരണം നടത്തിയിട്ടുള്ളതും സുരക്ഷാ ഉപകരണങ്ങൾ നൽകുകയും ചെയ്തിരുന്നതായി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടിയാൻ സുരക്ഷാ കിറ്റ് കൈപ്പറ്റിയിരുന്നതായി ഇഷ്യൂ രജിസ്റ്ററിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ ഇത്തരം അപകടങ്ങൾ നിരന്തരം സംഭവിച്ച സാഹചര്യത്തിലാണ് ആയത് ഒഴിവാക്കുന്നതിനായി സുരക്ഷാ ഉപകരണങ്ങൾ നമസ്തേ സ്കീമിൽ നൽകിയിട്ടുള്ളത്. ഇത്തരം ശുചീകരണ പ്രവൃത്തികൾക്ക് സ്വീകരിക്കേണ്ടതായ യാതൊരു സുരക്ഷാ മാനദണ്ഡവും പാലിക്കാതെയും നഗരസഭയെ മുൻകൂട്ടി അറിയിക്കാതെയും ടി പ്രവർത്തിക്കായി തൊഴിലാളികളെ നിയോഗിച്ചതിന് ഹോട്ടലിന്റെ ലൈസൻസിയായ ശ്രീ. തോമസ് സണ്ണി എന്നയാൾക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതായും മുനിസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി അപകടം നടന്ന സ്ഥലം 06/10/2025 –ന് മലിനീകരണ നിയന്ത്രണ ബോർഡ് ഇൻസ്പെക്റ്റ് ചെയ്തിരുന്നു. ഓറഞ്ച് റെസ്റ്റോറന്റ് (96-seat restaurant) എന്ന സ്ഥാപനത്തിന് 31/01/2026 വരെയുള്ള പ്രവർത്തനാനുമതി ഉണ്ടായിരുന്നെന്നും എന്നാൽ പരിശോധനാവേളയിൽ ടി സ്ഥാപനം പ്രവർത്തനരഹിതമായിരുന്നുവെന്നും നവീകരണ പ്രവർത്തി നടന്നുവരുന്നതായും ബോധ്യപ്പെട്ടതായി അറിയിച്ചിരിക്കുന്നു. ബന്ധപ്പെട്ട വ്യക്തികളെ ഫോണിൽ ബന്ധപ്പെടുന്നതിനു ശ്രമിച്ചിരുന്നെങ്കിലും ആയത് വിഫലമായെന്നും നവീകരണ പ്രവർത്തി നടന്നുവരുന്നതിനാൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ ക്ഷമത പരിശോധിക്കുവാൻ സാധിക്കുമായിരുന്നില്ലെന്നും മലിനീകരണ നിയന്ത്രണ ബോർഡ് എൻവിയോൺമെന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സുരക്ഷാവീഴ്ച സംബന്ധിച്ച വിഷയം ബോർഡിന്റെ പരിധിയിൽ വരുന്ന വിഷയമല്ല എന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

6)ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ നിന്നും ശുചീകരണ പ്രവർത്തികൾ നടത്തിയതിൽ സുരക്ഷാവീഴ്ച ഉണ്ടായതായി ബോധ്യപ്പെട്ടിട്ടുണ്ട്. അത്യാഹിതം സംഭവിച്ച ടി മൂന്നു പേരും തമിഴ്നാട് സ്വദേശികളാണ്. വളരെ പിന്നോക്കാവസ്ഥയിലുള്ള ടി കുടുംബങ്ങളുടെ ഏക വരുമാനമായിരുന്ന വ്യക്തികൾ മരണമടഞ്ഞത് ടി കുടുംബങ്ങളെ സാമ്പത്തികമായി വളരെയേറെ ബാധിച്ചിട്ടുള്ളതിനാൽ ടി മൂന്നു കുടുംബത്തിനും സർക്കാർതലത്തിൽ ധനസഹായം ലഭ്യമാക്കണമെന്നാണ് ജില്ലാ കളക്ടർ ശിപാർശ ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മരണപ്പെട്ടവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപാ വീതം ഇതിനോടകം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ കട്ടപ്പന വില്ലേജിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ട് മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

അനുവദിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഇടുക്കി ജില്ലയിലെ കട്ടപ്പന വില്ലേജിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്ന ജോലിയിൽ ഏർപ്പെട്ട് മരണപ്പെട്ട തമിഴ്നാട് സ്വദേശികളായ ജയറാം, മൈക്കിൾ, സുന്ദരപാണ്ഡ്യൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണോ, എങ്കിൽ എത്ര ?